(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട്സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.-13/1224/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

ഇ-മെയിൽ : doidk.ksad@kerala.gov.in

തീയതി. 12.11.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- വാത്തിക്കുടി ഗ്രാമപഞ്ചായത്ത് - 2017-18 - സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്തരാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പേർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരളാ പഞ്ചായത്ത് രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20, 23. 1997-ലെ കേരളാ പഞ്ചായത്ത് രാജ്–പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം).

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.

3. കാര്യാലയ പ്രതി.

നം.കെ.എസ്.എ.ഐ.ഡി.കെ.-13/1224/18 തീയതി. 12.11.2018

## ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*****************

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 29.08.2017 മുതൽ 19.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ

അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.10.2018 മുതൽ 27.10.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ റ്റി. എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സണ്ണി എം. യു. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം. കെ. | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനിറ്റ. പി. സാമുവൽ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി. കെ. രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. എ. ഒ. അജു | 01.04.2017 മുതൽ 08.08.2017 വരെ |
| | ശ്രീ. കെ. രാജു | 09.08.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. | ശ്രീമതി. ഷീജ വി. റ്റി. | 01.04.2017 മുതൽ 23.06.2017 വരെ |
| | ശ്രീ. ശശിധരൻ കെ. എൻ. | 24.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പി. എസ്. സൗദാമിനിയമ്മ | 01.04.2017 മുതൽ 03.04.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. കെ. പി. ജോളി | 04.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. റോമിയോ സണ്ണി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. കെ. പി. വിജയൻ | 01.04.2017. മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. എം. എച്ച്. ഷബീർ | 01.04.2017 മുതൽ .25.10.2017 വരെ |
| | ശ്രീമതി. ജോസ്ന ജോസ് | 26.10.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. കെ. ഓമനക്കുട്ടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ.സുധീർ എ. | 01.04.2017 മുതൽ 23.06.2017 വരെ |
| | ശ്രീ. റ്റി. ജെ. ജോൺസൻ | 24.06.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ. ചന്തു എ. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ. കെ. ബി. കൃഷ്ണപ്രിയ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. വിഷ്ണു വി. എസ്. | 01.04.2017 മുതൽ 18.07.2017 വരെ |
| | ഡോ. ക്രിസ്റ്റി ജോൺസൻ | 19.07.2017 മുതൽ 31.10.2017 വരെ |
| | ഡോ. മുഹ്സീന എം. റ്റി. | 01.11.2017 മുതൽ 03.11.2017 വരെ |
| | ഡോ. ക്രിസ്റ്റി ജോൺസൻ | 04.03.2017 മുതൽ 12.12.2017 വരെ |
| | ഡോ. മുഹ്സീന എം. റ്റി. | 13.12.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക | പരാമർശ വിഷയം |
|---|---|---|
| | | ഭാഗം – 1 (പൊതുഅവലോകനം) |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |

| | | |
|---|---|---|
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| | | ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 13 | 2-1 | വസ്തുനികുതി നിർണ്ണയിക്കുകയോ നടത്തുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല |
| 14 | 2-2 | ലേലത്തുക ഈടാക്കിയിട്ടില്ല – കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങളില്ല |
| | | ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 15 | 3-1 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതി - അപാകതകൾ - നിരാകരണം ₹6,000/- |
| 16 | 3-2 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ₹2,00,000/- ചെലവഴിച്ചു - ചെലവ് തടസ്സം |
| 17 | 3-3 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - അവശ്യരേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല - ₹13,95,000/-യുടെ ചെലവ് തടസ്സം |
| 18 | 3-4 | ആശ്രയ പദ്ധതി - നൽകിയ തുക ചെലവഴിച്ചിട്ടില്ല |
| 19 | 3-5 | സർക്കാർ ഉത്തരവിന് വിരുദ്ധമായി 'ശ്രദ്ധ' എന്ന പേരിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും. |
| 20 | 3-6 | വാഹനവാടക – പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു |
| 21 | 3-7 | LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ |
| 22 | 3-8 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത |
| 23 | 3-9 | വാത്തിക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം – കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല |
| | | ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) |
| 24 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 25 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം |
| 26 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. |
| 27 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 28 | 4-5 | സ്ഥിരനിക്ഷേപം |
| 29 | 4-6 | ഓഡിറ്റ് റിക്കവറി |
| 30 | 4-7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടുകൾ |
| 31 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |

| | | |
|---|---|---|
| 32 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 33 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. |
| 34 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 35 | അനുബന്ധം-2 | റസീറ്റ് ആന്റ് പേമെന്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം (പകർപ്പുകൾ) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 16.03.2017ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി |
|---|---|---|---|
| 31.07.2018 | 31.05.2018 | - | - |

പഞ്ചായത്ത് കമ്മറ്റിയുടെ 14.04.2018ലെ (4) നമ്പർ തീരുമാന പ്രകാരം വാർഷിക കണക്ക് അംഗീകരിച്ചു.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| ഓഡിറ്റ് | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നം. |
|---|---|---|
| 2017-18 | - | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,73,32,695.59 |
| വരവ് | ₹8,52,19,604.00 |
| ആകെ | ₹10,25,52,299.59 |
| ചെലവ് | ₹8,94,56,287.00 |
| നീക്കിയിരിപ്പ് | ₹1,30,96,012.59 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 19279000 | 19279000 | 13051189 | 6227811 | 67.69 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1801899 | 1801899 | 1586180 | 215719 | 88.02 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 2141129 | 2141129 | 1903450 | 237679 | 88.90 |
| മെയിന്റനൻസ് – റോഡ് (ACR പ്രകാരം) | | - | 22201000 | 22201000 | 22062486 | 138514 | 99.38 |
| മെയിന്റനൻസ് - നോൺ-റോഡ് (ACR പ്രകാരം) | | - | 4862000 | 4862000 | 2692959 | 2169041 | 55.39 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 9053504 | 9053504 | 7178889 | 1874615 | 79.29 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | 1201654 | 1201654 | 1179714 | 21940 | 98.17 |
| സാക്ഷരത | | 1176 | 42835 | 44011 | 42840 | 1171 | |
| ദുരിതാശ്വാസനിധി | | | | | | | |
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | - | 54667659 | 54667659 | 54667659 | - | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 204637 | 1130325 | 1334962 | 1330210 | 4752 | |
| | സാധനങ്ങളുടെ വില | - | 2274226 | 2274226 | 2274226 | 0 | |
| മറ്റ് കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | സമ്പൂർണ്ണ ശുചിത്വം | 11877 | 844732 | 856609 | 831609 | 25000 | |
| | ഐ.സി.ഡി.എസ്. | 1342731 | 207500 | 1550231 | 831206 | 719025 | |
| | മറ്റ് ഗ്രാന്റുകൾ | 300000 | 25000 | 325000 | 24500 | 300500 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ശുചിത്വ മിഷൻ | - | 495000 | 495000 | 475883 | 19117 | |
| | എം.എൽ.എ. ഫണ്ട് | - | 600000 | 600000 | 200000 | 400000 | |
| | മറ്റ് ഗ്രാന്റുകൾ | - | 1325771 | 1325771 | 867000 | 458771 | |
| | ജലനിധി | 3482780 | 4094026 | 7576806 | 5001268 | 2575538 | |
| | നല്ല അംഗനവാടിക്കുള്ള അവാർഡ് | - | 10000 | 10000 | 0 | 10000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | - | 750000 | 750000 | 750000 | 0 | |
| | ജില്ലാപഞ്ചായത്ത് | - | 2420000 | 2420000 | 2420000 | 0 | |
| ബി-ഫണ്ട് | | - | 41573200 | 41573200 | 41573200 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | - | 10292000 | 10292000 | 10292000 | 0 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4013261.59 | 12049860 | 16063121.59 | 10615882 | 5447239.59 | |
| | ട്രഷറി അക്കൗണ്ട് | 5499702 | 0 | 5499702 | 4449835 | 1049867 | |
| | കയ്യിരിപ്പ് പണം | 117143 | 0 | - | - | 231417 | |
| ഗുണഭോക്തൃവിഹിതം | | 267550 | 150000 | 417550 | 289125 | 128425 | |
| എം.എൻ. ലക്ഷം വീട് അക്കൗണ്ട് | | 195884 | 5857 | 20176 | 20 | 201741 | |
| ഇ.എം.എസ്. ലോൺ | | 1895075 | - | 1895075 | 870729 | 1024346 | |
| ജവഹർ | | - | 500000 | 500000 | 3000 | 497000 | |
| ലൈഫ് മിഷൻ ഭവന നിധി | | - | 870729 | 870729 | 868626 | 2103 | |
| വി.പി.എഫ്.എ.-III | | 879 | 0 | 879 | 879 | 0 | |

*കുറിപ്പ് :- A.C.R പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ തൻവർഷം ₹1,08,69,150/- വരവുണ്ടെങ്കിലും അവസാന ഗഡുവായി അനുവദിച്ച ₹5,77,150/- അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. 31.03.2018ന് ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിച്ചിരുന്ന ₹51,06,221/- സർക്കാർ തിരികെ എടുക്കുകയും അടുത്ത സാമ്പത്തിക വർഷം തിരികെ ലഭിക്കുകയും ചെയ്തു.*

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 116566459 | 136 | 58587427 | - | 59 | 69.74 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

- ഇല്ല –

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 19786499 | 9772086 | 49.38 |
| 2 | കൃഷി ഓഫീസർ | 3644800 | 2283120 | 62.64 |

| | | | | |
|---|---|---|---|---|
| 3 | വെറ്ററിനററി സർജൻ | 2500000 | 2350000 | 94 |
| 4 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 861200 | 825937 | 95.9 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 500000 | 500000 | 100 |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 200000 | 200000 | 100 |
| 7 | ഗ്രാമസേവകൻ | 5609448 | 1720000 | 30.66 |
| 8 | അസി. എഞ്ചിനീയർ | 69384512 | 32677799 | 47.09 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6972000 | 4902638 | 70.31 |
| 10 | അസി.സെക്രട്ടറി | 3158000 | 2086100 | 66.06 |
| 11 | ഡയറി എക്സ്റ്റൻഷൻ | 3950000 | 3436307 | 86.99 |
| ആകെ | | 116566459 | 60753987 | 52.12 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 204637 | 1130325 | 1334962 | 1330210 | 4752 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 56941885 | 56941885 | 56941885 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 10606800 | 861 |
| വാർദ്ധിക്യകാല പെൻഷൻ | 22951300 | 1698 |
| വികലാംഗ പെൻഷൻ | 3923500 | 314 |
| 50 വയസ്സിൽ കൂടുതലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 210600 | 17 |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 18600 | 15 |
| കർഷക തൊഴിലാളി പെൻഷൻ | 3862400 | 327 |

## 1-9 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018ന് 4.30പി.എം.ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,616/- യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

അക്കൌണ്ടിംഗ് സിസ്റ്റം - അപാകതകളോട്ടുകൂടിയതാണ്. വാർഷിക കണക്കിൽ പഞ്ചായത്തിന്റെ ശരിയായ വരവ്-ചെലവുകൾ പ്രതിഫലിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകളിൽ പരിശോധനകൾ നടത്തുന്നില്ല. തീയതി വെയ്ക്കാതെ രസീതുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ എഴുതുന്നതായി ശ്രദ്ധയിൽപെട്ടു. കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ ഇനത്തിൽ പഞ്ചായത്തിന് വൻതുക ബാദ്ധ്യത ഉണ്ട്. വരുമാനം വർദ്ധനവിനാവശ്യമായ നടപടികൾ ആസൂത്രണം ചെയ്യുന്നില്ല. നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര അവധാനത കാണിക്കുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ കാണുന്നു. പ്രവൃത്തികൾ ശരിയായ രീതിയിൽ അളവ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.2018 | 10/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/08/2009 മുതൽ 26/08/2009 വരെ | 2004-05 മുതൽ 2008-09 വരെ | 24.09.2009 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

| | |
|---|---|
| 1) | വാട്ടർവെയ്സ് എന്ന ഹെഡിൽ അസറ്റ് ഇല്ലാതെ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ - വാട്ടർവെയ്സ് (411320101) എന്ന ഹെഡിൽ ₹6,95,665/- എന്ന് കാണിച്ചിട്ടുണ്ട്. ഇല്ലാത്ത അസറ്റിന് ഡിപ്രീസിയേഷൻ കാണിച്ചിരിക്കുന്നത് തെറ്റാണ്. |
| 2) | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ : ബി-4 പ്രകാരം സെന്ററലി സ്പോൺസേർഡ് സ്കീം – ടോട്ടൽ സാനിറ്റേഷൻ (റ്റി.എസ്.സി) ഇനത്തിൽ ₹25,000/-, ₹49,500/- എന്നിങ്ങനെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ തുക നിക്ഷേപിക്കുന്ന യു.ബി.ഐ.-യുടെ അക്കൗണ്ടിൽ ₹19,117/- മാത്രമാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. കൃത്യമായ അക്കൗണ്ടിംഗ് നടക്കുന്നില്ല. |
| 3) | ആർജ്ജിച്ച ആസ്തികളുടെ വിലനിർണ്ണയം നടത്തി ധനകാര്യ പത്രികയിൽ ഉൾകൊള്ളിച്ചിട്ടില്ല. |

| | |
|---|---|
| 4) | വാടക, ഡി. & ഒ. ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവയുടെ ഡി.സി.ബി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല. |
| 5) | ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി ₹7,50,000/-യും ജില്ലാപഞ്ചായത്ത് വിഹിതമായി ₹24,20,000/- വരവ് വന്നതിൽ വാർഷിക കണക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി ₹15,00,000/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| 6) | ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ജവഹർ ഭവന പദ്ധതി എന്ന ഇനത്തിൽ ₹1,60,82,000/-ഉം ഇ.എം.എസ്. ഭവന പദ്ധതി ഇനത്തിൽ ₹1,66,01,120/-യും തിരികെ അടയ്ക്കാൻ അവശേഷിക്കുന്നു. എന്നാൽ വാർഷിക കണക്ക് ബി-4 ഷെഡ്യൂൾ പ്രകാരം ₹97,69,120/- മാത്രമാണ് അവശേഷിക്കുന്നത്. |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി നിർണ്ണയിക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ വ്യക്തമാക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2016-17, 2017-18 വർഷങ്ങളിൽ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

1. പാവനാത്മാ കോളേജ്, മുരിക്കാശേരി.
2. പാവനാത്മാ കോളേജ് ഹോസ്റ്റൽ, മുരിക്കാശേരി
3. പാവനാത്മാ കമ്മ്യൂണിറ്റി കോളേജ്, മുരിക്കാശേരി
4. മാർ സ്ലീവാ കോളേജ്, രാജമുടി.
5. മാർ സ്ലീവാ കോളേജ് ഹോസ്റ്റൽ, മുരിക്കാശേരി
6. ഡി പോൾ സ്കൂൾ, മുരിക്കാശേരി.

എ3/2325/17/06.05.2017 നമ്പരായി ലഭിച്ച പരാതിക്ക് 06.05.2007ൽ നൽകിയ മറുപടിയിലും മേൽ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ലായന്ന് ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

ടി മറുപടി കത്തിൽ പാവനാത്മാ കോളേജ് കെട്ടിടത്തിന്റെ വിസ്തൃതി 4350എം.2 എന്നാണ് രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പാവനാത്മാ കേളേജിന്റെ 556 നമ്പർ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തൃതി 355 എം2 മാത്രമാണ്. ഈ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കി നൽകിയിട്ടുമുണ്ട്. കോളേജ് കെട്ടിടത്തിന്റെ വിസ്തൃതി സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തമായ ധാരണയുണ്ടായിരിക്കെ വസ്തുനികുതി സോഫ്റ്റ് വെയറിൽ 355എം2 മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ കത്ത് പ്രകാരം മാർ സ്ലീവാ കോളേജിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലായെന്നും കെട്ടിട ഉടമയുടെ പേരും വിലാസവും അറിയില്ലായെന്നും ഗ്രാമപഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്ന ഗ്രാമപഞ്ചായത്തിന് കെട്ടിട ഉടമയുടെ പേരും വിലാസവും അറിയില്ലായെന്ന വാദം അംഗീകരിക്കത്തക്കതല്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (ബിഎ) (2013ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ചട്ടങ്ങൾ, with effect from 25.11.2012) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും മാത്രമാണ് വസ്തുനികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ മേൽ വ്യക്തമാക്കിയിരിക്കുന്നന്ന സ്ഥാപനങ്ങളുടെയും അവയുടെ അനുബന്ധ സ്ഥാപനങ്ങളുടെയും വസ്തുനികുതി നാളിതുവരെയായി നിർണ്ണയിക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പഞ്ചായത്തിന് വ്യകതമായ ധാരണയുള്ളതുമായ കെട്ടിടങ്ങളുടെ പോലും വസ്തുനികുതി നിർണ്ണയിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. ഇത്തരത്തിൽ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും മറ്റ് ഗണത്തിൽപ്പെട്ട കെട്ടിടങ്ങളും ഒഴിവാക്കപ്പെട്ടിട്ടുണ്ടാവാം. ഏതെങ്കിലും കെട്ടിടങ്ങൾ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും 100 % കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മറ്റ് അപാകതകൾ

• മാർ സ്ലീവാ കോളേജ്, കോളേജ് ഹോസ്റ്റൽ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമ്മിറ്റ് എടുക്കുകയോ, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

• പാവനാത്മാ കോളേജിന്റെ പുതിയ കെട്ടിടങ്ങൾ, കോളേജ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിന് പെർമിറ്റ് എടുത്തിട്ടില്ല.

പെർമിറ്റ്, ലൈസൻസ് എന്നിവ എടുത്തിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പെർമ്മിറ്റ് ഇല്ലാതെ നിർമ്മാണം നടത്തിയ വ്യക്തികൾക്കെതിരെ 2011ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (കോളേജ് കെട്ടിടങ്ങളുടെ ഫോട്ടോ ഇതോടൊപ്പം നൽകുന്നു).



*മാർ ശ്ലീവാ കോളേജ്, രാജമുടി*



*പാവനാത്മാ കോളേജ്, മുരിക്കാശേരി*

സെക്ഷൻ 207 (ബിഎ) ബി.എ പ്രകാരം 25.11.2012 മുതലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. ഈടാക്കാത്തപക്ഷം മേൽ നിയമം ബാധകമായ 25.11.2012 മുതൽ നാളിതുവരെയുള്ള സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട ജീവനക്കാരുടെയും ബാദ്ധ്യതയായി കണക്കാക്കി ചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കോളേജ് കെട്ടിടങ്ങൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിലും, കോളേജ് ഹോസ്റ്റൽ, കാന്റീൻ, ഇൻഡോർ

സ്റ്റേഡിയങ്ങൾ, ഓഡിറ്റോറിയങ്ങൾ മറ്റ് കെട്ടിടങ്ങൾ എന്നിവയക്ക് അതതിന്റെ നിരക്കിലും വസ്തുനികുതി നിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലേലത്തുക ഈടാക്കിയിട്ടില്ല – കുടിശ്ശിക സംബന്ധിച്ച വിശദാംശംങ്ങളില്ല

**(എ) ലേലം - കരാർ ചമച്ചില്ല – നഷ്ടം ₹135,000/-**

ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ പ്രകാരം ശ്രീ. ജോസഫ് മാത്യു താന്നിപ്പാറ എന്ന വ്യക്തിയാണ് 2017-18 വർഷത്തിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന മാംസ സ്റ്റാളുകൾ ലേലത്തിൽ എടുത്തിരിക്കുന്നത്. എന്നാൽ പഞ്ചായത്തുമായി ഇദ്ദേഹം കരാറിൽ ഏർപ്പെടുകയോ, ലേലത്തുക ഒടുക്കുകയോ ചെയ്തിട്ടില്ല.

| പേര് | ലേലം കൊണ്ട സ്ഥാപനം/തീയതി | തുക ₹ |
|---|---|---|
| ജോസഫ് മാത്യു, താന്നിപ്പാറ | മീറ്റ് സ്റ്റാൾ മേരിഗിരി, 14.03.2017 | ₹70,000/- |
| ജോസഫ് മാത്യു, താന്നിപ്പാറ | മീറ്റ് സ്റ്റാൾ താന്നിപ്പാറ, 14.03.2017 | ₹65,000/- |

ലേല നിബന്ധന പ്രകാരം ലേലം കൊള്ളുന്ന തീയതിയിൽ തന്നെ ലേലക്കാരൻ ലേലത്തുകയുടെ പകുതി ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതും ലേലം ഉറപ്പിച്ച് നൽകി 7 ദിവസത്തിനകം പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതുമാണെമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ലേല വ്യവസ്ഥ പാലിക്കാതിരുന്ന ആളെ ഒഴിവാക്കി അടുത്തയാൾക്ക് ലേലം ഉറപ്പിച്ച് നൽകുകയോ, പുനർലേലം നടത്തുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഈ നടപടിക്രമവും പാലിച്ചിട്ടില്ല. ലേല നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ലയെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബി.**2/3319/2017/**തീയതി **15.05.2017** നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ലേലത്തുക ഈടാക്കാത്തതിനും ലേലക്കാരനുമായി കരാർ ചമയ്ക്കാത്തതിനും പുനർ ലേലം നടത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.(8)ന് താഴെ വ്യക്തമാക്കുന്ന പ്രകാരമുള്ള മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്.

- ശ്രീ. ജോസഫ് മാത്യു എന്നയാളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയോ ലേലക്കാരൻ ലേലത്തുകയായ ₹1,35,000/- ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല എന്നും 14.03.2017 ലേലത്തിൽ ലേലം കൊള്ളാത്ത സ്റ്റാളുകൾ 21.03.2017ൽ പുനർ ലേലം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ടിയാനെ അറിയിച്ചില്ലായെന്ന് ആരോപിച്ച് ടിയാൻ ഡബ്ല്യു.പി.സി.(സി)/10314/2017 നമ്പരായി കേസ് ഫയൽ ചെയ്യുകയും കേസ് 2018 മാർച്ച് മാസത്തിലും തീർപ്പായിട്ടില്ലാത്തതിനാൽ ലേലത്തുക ഒടുക്കുകയും ചെയ്തിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

കോടതി കേസുകൾ സംബന്ധിച്ച വിശദാംശംങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡബ്ല്യു.പി.സി.(സി)/10314/2017 നമ്പരായി ഫയൽ ചെയ്ത കേസിന് വാത്തിക്കുടി ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിട്ടില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബി.**2/3319/2017/**തീയതി, **15.05.2017** നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലേലക്കാരന് ലേലം ഉറപ്പിച്ച് നൽകിയിട്ടില്ലാത്തതിനാൽ നിയമാനുസൃത നടപടികളിലൂടെ തുക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിക്കുകയില്ല. ലേലം കൊണ്ട ശ്രീ. ജോസഫ് മാത്യുവുമായ് നിയമാനുസൃത കരാർ ചമയ്ക്കുന്നതിലും ലേല വ്യസ്ഥ പാലിക്കാതിരുന്നയാളെ ഒഴിവാക്കി പുനർലേലം നടത്തുകയോ ചെയ്യുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയിൽ നിന്നും ഗ്രാമപഞ്ചായത്തിന് നഷ്ടമായ ₹1,35,000/- ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി)** കുടിശ്ശിക സംബന്ധിച്ച വിശദാംശംങ്ങൾ ലഭ്യമല്ല

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ലേലം വാടക എന്നീ ഇനങ്ങളിൽ മുൻ വർഷങ്ങളിൽ താഴെ വ്യക്തമാക്കുന്ന കുടിശികയുണ്ട്. എന്നാൽ മേൽ ഇനങ്ങളുടെ രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വാടക കുടിശ്ശിക | ₹2,60,131/- | ₹1,11,153/- |

| | | |
|---|---|---|
| മാർക്കറ്റ് കുടിശ്ശിക | ₹45,000/- | രജിസ്റ്റർ സൂക്ഷിക്കുന്നില്ല |

മേൽ കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.(8)ന് നൽകിയ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തക്കേടുണ്ടായതിന് മറുപടി നൽകിയില്ല.

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി മാർക്കറ്റ് ലേലം ചെയ്യുന്നില്ലായെന്നും ആയതിനാൽത്തന്നെ കുടിശ്ശിക ഇല്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം കുടിശ്ശികയിൽ പൊരുത്തക്കേടുണ്ടായതിന് മറുപടി നൽകിയില്ല.

കുടിശ്ശിക തുകയിൽ പൊരുത്തക്കേടുണ്ടായതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതി- അപാകതകൾ-നിരാകരണം ₹6,000/-

| | | | |
|---|---|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ | | |
| പദ്ധതി നം. | 100/2018 | | |
| പദ്ധതി | വികലാംഗർക്ക് ആട് വളർത്തലിന് ധനസഹായം | | |
| അടങ്കൽ | വികസന ഫണ്ട് | ₹ | 400000 |
| | ഗുണഭോക്തൃ വിഹിതം | ₹ | 400000 |
| | തനത് ഫണ്ട് | ₹ | 4000 |
| | ആകെ | ₹ | 804000 |
| ബിൽ നം. & തീയതി | 4/2017-18 തീ:26.02.2018 ₹1,50,000/- | | |

വികലാംഗരായ വ്യക്തികൾക്ക് 6 മുതൽ 8 വരെ മാസം പ്രായം വരുന്ന രണ്ട് പെണ്ണാടുകളെ നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. 25 ഗുണഭോക്താക്കൾക്ക് ₹6,000/- വീതം ധനസഹായമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. വാങ്ങുന്ന ആടിന് കുറഞ്ഞത് 12 കി.ഗ്രാം ഭാരം ഉണ്ടായിരിക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.04.2017ലെ സ.ഉ(കൈ)/80/2017 ഖണ്ഡിക 8.2 ക്രമ നം:2 പ്രകാരം നിർദ്ദേശമുണ്ടെങ്കിലും അത്തരം ഒരു പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയിട്ടില്ല.

2. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീമതി ലളിത മോഹനൻ മംഗലത്ത് എന്ന വ്യക്തിക്ക് ₹6000/- ധനസഹായം നൽകിയിരിക്കുന്നത് അംഗീകരിക്കുന്നില്ല. തുക ഗുണഭോക്താവിൽ നിന്നും ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

3. ലഭിക്കുന്ന ആടിനെ നാല് വർഷത്തേക്ക് പരിപാലിച്ച് കൊള്ളാമെന്ന് ഗുണഭോക്താക്കൾ വെറ്ററിനറി സർജനുമായി കരാറിൽ ഏർപ്പെട്ടിട്ടുങ്കിലും താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കളുടെ കൈവശം നിലവിൽ ആടുകൾ ഇല്ലാത്തതായി കാണുന്നു.

കരാർ ലംഘിച്ച ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതിന് കരാർ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

| ക്രമനം | ഗുണഭോക്താവ് | നൽകിയ ആടുകൾ | നിലവിലുള്ള ആടുകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ചിന്നമ്മ തോമസ് ഉറുമ്പേൽ | 2 | 1 |
| 2 | ബിനോയ് എം. എ. | 2 | ഇല്ല |
| 3 | ജോഷി ജോൺ, തെങ്ങനാട്ട് | 2 | ഇല്ല |
| 4 | രാമൻകുട്ടി രാമൻ, വെള്ളാപള്ളിൽ | 2 | ഇല്ല |
| 5 | ഏലിയാമ്മ ദേവസ്യ, പെരുനിലത്ത് | 2 | ഇല്ല |

4. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി വെറ്ററിനറി സർജന് നൽകിയ 41616 നമ്പരായുള്ള രസീത് ബുക്കിൽ 1 മുതൽ 25 വരെ പേജുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും തുക പിരിച്ച തീയതി രസീതുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

## 3-2 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ₹2,00,000/- ചെലവഴിച്ചു - ചെലവ് തടസ്സം

| | | | |
|---|---|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | |
| പദ്ധതി നം | 82/2018 | | |
| പദ്ധതി | വാർഡ് തല യോഗങ്ങളിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണം | | |
| അടങ്കൽ | വികസന ഫണ്ട് | ₹ | 2,00,000/- |
| ബിൽ നം, & തീയതി | 11/2017-18 തീ:19.03.2018 ₹200000/- | | |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡ്തല യോഗങ്ങളിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് ലഘു ഭക്ഷണം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഭക്ഷണം വാങ്ങി നൽകിയതിന് അംഗനവാടി വർക്കർമാർ ഹാജരാക്കിയ ഭക്ഷണശാലാ ബില്ലുകളുടെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കും പ്രകാരം ₹2,00,000/- അംഗനവാടി വർക്കർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയതായി കാണുന്നു

| ക്രമ നം. | അംഗനവാടി നമ്പർ | വർക്കർ | അക്കൗണ്ട് നമ്പർ | നൽകിയ തുക ₹ |
|---|---|---|---|---|
| 1 | 77 | ശ്രീമതി. കെ. ഐ. ഗ്രേസി | 67151382002 | 6100 |
| 2 | 78 | ശ്രീമതി. ഗ്രേസി സ്റ്റീഫൻ | 67152141258 | 6100 |
| 3 | 79 | ശ്രീമതി. കെ. എച്ച്. റംല | 67152106835 | 6100 |
| 4 | 80 | ശ്രീമതി. കെ. എസ്. ഗീത | 67152252016 | 9700 |
| 5 | 81 | ശ്രീമതി. എം. സി. ബിജിമോൾ | 67152106733 | 6100 |
| 6 | 82 | ശ്രീമതി. പി. കെ. കുഞ്ഞുമോൾ | 67151846271 | 6100 |
| 7 | 83 | ശ്രീമതി. പി. ആർ. ലതാമണി | 67153166464 | 6100 |
| 8 | 85 | ശ്രീമതി. വി. എം. റോസിലി | 67151806431 | 9700 |
| 9 | 86 | ശ്രീമതി. മിനി ജോസഫ് | 67151831593 | 9700 |

| | | | | |
|---|---|---|---|---|
| 10 | 87 | ശ്രീമതി. കെ. ഡി. അന്നകുട്ടി | 67144658107 | 6100 |
| 11 | 89 | ശ്രീമതി. കെ. എം. ലീലാമ്മ | 67151623389 | 6100 |
| 12 | 90 | ശ്രീമതി. വി. പി. മിനി | 67152729792 | 6100 |
| 13 | 91 | ശ്രീമതി. എം. റ്റി. ജയ്മമ്മ | 67106171527 | 9700 |
| 14 | 92 | ശ്രീമതി. ഷൈജി പീറ്റർ | 67262860357 | 6100 |
| 15 | 120 | ശ്രീമതി. പി. റ്റി. എലിസബത്ത് | 67151845879 | 6100 |
| 16 | 121 | ശ്രീമതി. ഓമന കെ. പീറ്റർ | 67153166442 | 6100 |
| 17 | 122 | ശ്രീമതി. കെ. ജി. സുലോചന | 67152051454 | 9700 |
| 18 | 137 | ശ്രീമതി. എം. കെ. ചന്ദ്രിക | 67151806736 | 9700 |
| 19 | 138 | ശ്രീമതി. മേഴ്സി സ്റ്റീഫൻ | 57054316055 | 6100 |
| 20 | 139 | ശ്രീമതി. ഗ്ലാഡിസ് ജോൺ | 67151781200 | 6100 |
| 21 | 140 | ശ്രീമതി. ഡോളി എൻ. കെ. | 67151846000 | 10100 |
| 22 | 141 | ശ്രീമതി. ജോളി തോമസ് | 67151893243 | 6100 |
| 23 | 152 | ശ്രീമതി. പി. എസ്. ആരിഫ | 67152107056 | 6100 |
| 24 | 153 | ശ്രീമതി. പി. കെ. ശോഭ | 67151379372 | 6100 |
| 25 | 154 | ശ്രീമതി. ഇ. ഐ. ആരിഫ | 67151379281 | 6100 |
| 26 | 161 | ശ്രീമതി. കെ. എസ്. സിനിമോൾ | 67276203770 | 6100 |
| 27 | 162 | ശ്രീമതി. റ്റി. എ. രാധ | 67151806667 | 6100 |
| 28 | 163 | ശ്രീമതി. മേരിക്കുട്ടി ജോർജ്ജ് | 67151806667 | 9700 |
| ആകെ | | | | 200000 |

1. തൻ വർഷത്തെ ധനസഹായ മാർഗ്ഗനിർദ്ദേശമായ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.04.2017ലെ സ.ഉ(കൈ)80/2017 യിൽ ഇപ്രകാരം വാർഡുതല യോഗങ്ങളിൽ പങ്കെടുക്കുന്ന വയോജനങ്ങൾക്ക് ലഘുഭക്ഷണ ചെലവ് എന്ന ഇനം നൽകുവാൻ നിർദ്ദേശമില്ല. പ്രസ്തുത മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് ധനസഹായം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമുണ്ടെന്ന് മേൽ പരാമർശിത സർക്കാർ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്നും ഇത്തരം അനുവാദം ലഭ്യമാക്കാതെയാണ് പദ്ധതി തയ്യാറാക്കി നടപ്പാക്കിയത്. ആയതിനാൽ ₹2,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
2. അംഗനവാടി നം. 162 ശ്രീമതി. റ്റി. എ. രാധ, 163 ശ്രീമതി. മേരിക്കുട്ടി ജോർജ്ജ് എന്നിവർക്ക് യഥാക്രമം ₹6,100, ₹9,700 തുകകൾ ക്രഡിറ്റ് ചെയ്തിരിക്കുന്നത് 67151806667 എന്ന ഒറ്റ അക്കൗണ്ട് നമ്പരിലാണെന്ന് ഗുണഭോക്തൃ ഡീറ്റെയിൽസ് ലിസ്റ്റിൽ നിന്നും കാണുന്നു. ഇക്കാര്യത്തിന്

വിശദീകരണം നൽകേണ്ടതാണ്.

## 3-3 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ - അവശ്യരേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല - ₹13,95,000/- യുടെ ചെലവ് തടസ്സം

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ചെലവുകളുടെ അവശ്യ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം. | പദ്ധതി നം. & തീയതി | ചെലവ് തുക ₹ | ബിൽ നം. & തീയതി | തുക അടവാക്കിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/2017-18 ഐ.എ.വൈ. (പൊതുവിഭാഗം) | 700000 | 5/2017-18 തീ:21.07.2017 | ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | ഔദ്യോഗിക രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 2 | 45/2017-18 ഐ.എ.വൈ. (പട്ടിക ജാതി വിഭാഗം) | 135000 | 6/2017-18 തീ:21.07.2017 | | |
| 3 | 127/2017-18 ഐ.എ.വൈ. (പട്ടിക വർഗ്ഗ വിഭാഗം) | 460000 | 11/2017-18 തീ:21.07.2017 | | |
| 4 | 31/2017-18 ഐ.കെ.എം.ന് വിഹിതം നൽകൽ | 100000 | 07/2017-18 തീ:21.07.2017 | ഐ.കെ.എം തിരുവനന്തപുരം | |
| ആകെ | | 1395000 | | | |

അവശ്യ രേഖകളുടെ അഭാവത്തിൽ ₹13,95,000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതി- നൽകിയ തുക ചെലവഴിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 6/2017-18 |
| പദ്ധതി | ആശ്രയ പദ്ധതി |
| അടങ്കൽ | ₹1,00,000/- |
| ബിൽ നം. | 13/2017-18 തീ : 24.10.2018 |
| തുക | ₹1,00,000/- |

ആശ്രയ പദ്ധതിയുടെ നടത്തിപ്പിനായി ₹1,00,000/- കുടുംബശ്രീയുടെ കാനറാ ബാങ്ക് 3405 അക്കൗണ്ടിൽ 25.10.2017ൽ വരവ് വന്നിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിന്നും നാളിതുവരെയും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

കുടുംബശ്രീ അക്കൌണ്ടിൽ 31-03-2018ൽ അവശേഷിക്കുന്ന തുകളുടെ വിവരം താഴെ നൽകുന്നു.

| ബാങ്ക് അക്കൗണ്ട് നം. | ഇനം | തുക ₹ |
|---|---|---|
| കാനറാ ബാങ്ക് 1885 | സ്നേഹനിധി | 1609 |
| കാനറാ ബാങ്ക് 3969 | പിന്നോക്ക വിഭാഗ വികസനം | 91517 |
| കാനറാ ബാങ്ക് 4138 | തനത് ഫണ്ട് | 120279 |
| കാനറാ ബാങ്ക് 1768 | കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് | 379368 |
| കാനറാ ബാങ്ക് 3406 | കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് | 43056 |
| കാനറാ ബാങ്ക് 3405 | ആശ്രയ | 101969 |
| യു.ബി.ഐ – 0479 | എഫ്.എഫ്.സി | 447747 |
| എസ്.സി.ബി-5059 | തനത് ഫണ്ട് | 454916 |
| എസ്.സി.ബി-5167 | പിന്നോക്ക വിഭാഗ വികസനം | 276880 |
| എസ്.സി.ബി-6766 | ആശ്രയ | 1229184 |
| ആകെ | | 3146525 |

പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-5 സർക്കാർ ഉത്തരവിന് വിരുദ്ധമായി 'ശ്രദ്ധ' എന്ന പേരിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും

മെഡിക്കൽ ഓഫീസർ വാത്തിക്കുടി സി.എച്ച്.സി. നിർവ്വഹണം നടത്തിയ താഴെ വ്യക്തമാക്കുന്ന പദ്ധതി സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ./തീയതി. 03.04.2017 പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായാണ് നടപ്പാക്കിയിരിക്കുന്നത്.

| | |
|---|---|
| നിർവ്വഹണം | *മെഡിക്കൽ ഓഫീസർ, മരിയാപുരം സി.എച്ച്.സി* |
| പദ്ധതി നം. | S0097/2018 |
| പദ്ധതിയുടെ പേര് | ശ്രദ്ധ - വയോജനങ്ങൾക്കുള്ള മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും |
| പദ്ധതി അടങ്കൽ | ₹2,61,200/- |
| ചെലവ് | ₹2,43,153/- |
| ബിൽ നം. | 3/12.01.2018 ₹1,96,453/-<br>5/28.02.2018 ₹33,600/-<br>7/28.03.2018 ₹13,100/- |

മേൽ സർക്കാർ ഉത്തരവിലെ താഴെ വ്യക്തമാക്കുന്ന നിർദേശങ്ങൾക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

1. ഖണ്ഡിക 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ ആദരിക്കൽ തുടങ്ങിയവകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല.

2. ഖണ്ഡിക 2.2 പ്രകാരം മാർഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാവൂ.

3. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

4. ഖണ്ഡിക 12.4 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ, മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

പ്രോജക്റ്റ് പ്രകാരം വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. കൂടാതെ പദ്ധതിയ്ക്കായി അച്ചടിച്ച നോട്ടീസ് പ്രകാരം സൗജന്യ മെഡിക്കൽ ക്യാമ്പാണ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം (7) ന് നൽകിയ മറുപടിയിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വയോജനങ്ങളെ പരസഹായമില്ലാതെ ദൈനംദിന പ്രവൃത്തികൾ ചെയ്യുന്നതിനും അവരുടെ ജീവിത നിലവാരം ആരോഗ്യപരമായി ഉന്നമനത്തിലേക്ക് എത്തിക്കുകയുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. *ജി.ഒ(എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ തീയതി. 29.3.2017 ഖണ്ഡിക 13.5. ഉത്തരവിൽ ശാരീരിക അവശതകൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ പരിഹാര സംവിധാനങ്ങൾ മുതലായവ ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.*

എന്നാൽ മേൽ ഉത്തരവിന് പകരമായി സർക്കാർ പുറത്തിറക്കിയ 03.04.2017ലെ ജി.ഒ(എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-22) ആദ്യ വാർഷിക പദ്ധതി (2017-18) മാർഗരേഖയിൽ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിർദേശങ്ങളില്ല. ഈ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഫയലുകൾ പരിശോധിച്ചതിൽ വയോജനങ്ങൾക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതിനും ആയതിന്റെ അനുബന്ധ ചെലവുകൾക്കുമായാണ് പണം വിനിയോഗിച്ചിരിക്കുന്നത്. മെഡിക്കൽ ഓഫീസറുടെ മറുപടിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 <u>വാഹനവാടക - പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചു</u>

സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള പ്രതിവർഷ ചെലവ് ജി.ഒ(ആർ.ടി)2493/2012/ത.സ്വ.ഭ.വ/03-09-2012 പ്രകാരം ₹75,000/-യാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാഹന വാടകയിനത്തിൽ തൻവർഷം ₹1,16,298/- ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി തുക ചിലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 <u>LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അപാകതകൾ</u>

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പദ്ധതി നം. 183/17)എന്ന പദ്ധതിയ്ക്ക് വേണ്ടി ₹20,00,000/- ചിലവഴിച്ചിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ TVPM ആണ് ടെണ്ടർ ഏറ്റെടുത്തത്. ടി സ്ഥാപനം ടെണ്ടറിൽ പറഞ്ഞ പ്രകാരമുള്ള ഗുണനിലവാരമുള്ള LED സ്ട്രീററ് ലൈറ്റുകളല്ല സ്ഥാപിച്ചിട്ടുള്ളതെന്നും പലയിടത്തും ലൈറ്റുകൾ യഥോചിതം പ്രവർത്തിക്കുന്നില്ലെന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും മെയിന്റനൻസ് നടത്തി തരുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും KAICOയ്ക്ക് സാധിച്ചിട്ടില്ലാത്തതിനാൽ ടി സ്ഥാപനത്തിനെതിരെ ഉപഭോക്തൃ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് 05-03-2018 /10 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. 02-02-2017ലെ ടെണ്ടർ നോട്ടീസിൽ 28 W Led street light with digital timer with all fitting equipments and installationcharge (3 years AMC after warranty shall be included), 1 year ഗ്യാരണ്ടി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. KAICO 06-03-2017ൽ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം Date of delivery മുതൽ 1 വർഷത്തേയ്ക്ക് സാധനങ്ങളുടെ quality ഉറപ്പ് നൽകുന്നുമുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20-04-2017ലെ നം.എ2/1095

/17/05-06-17ലെ എ2/1095/17 നം. കത്തുകൾ പ്രകാരം KAICO സ്ഥാപിച്ച 240 LED Street light കളിൽ 74 എണ്ണം കഴിഞ്ഞ മഴക്കാലത്ത് പ്രവർത്തനരഹിതമായിട്ടുണ്ടെന്നും നോട്ടീസ് കിട്ടി 7 ദിവസത്തിനുള്ളിൽ അപാകത പരിഹരിച്ച് പഞ്ചായത്തിൽ അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിയമ നടപടി സ്വീകരിക്കുന്നതാണെന്നും KAICOയെ അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിന്മേൽ ഭരണസമിതി തുടർ നടപടികൾ യഥാസമയം കൈക്കൊള്ളേണ്ടതാണ്.

## 3-8 <u>ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം-പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത</u>

കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് ₹2,80,00,000/- വായ്പ തുകയും തനത് ഫണ്ടിൽ നിന്ന് ₹20,00,000/-യും ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. 11.03.2015ൽ സാങ്കേതിക അനുമതി ലഭിച്ച പദ്ധതിയുടെ നിർവ്വഹണ ചുമതല സംസ്ഥാന നിർമ്മിതി കേന്ദ്രത്തെയാണ് ഏല്പിച്ചിരുന്നത്. സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി ഗ്രാമപഞ്ചായത്ത് 16.03.2015ൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. 2 വർഷമായിരുന്നു പദ്ധതിയുടെ പൂർത്തീകരണ കാലാവധി. 15.03.2017ൽ കരാർ കാലാവധി അവസാനിച്ച പദ്ധതിക്കുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ നാളിതുവരെയായി ₹2,11,73,812/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുകയുടെ 70% ചെലവഴിച്ചിട്ടും ഷോപ്പിംഗ് കോംപ്ലക്സിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെയായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക് നം./തീയതി | തുക(₹) |
|---|---:|
| 02007660/04.11.2015 | ₹10,00,000 |
| 29044425/12.11.2015 | ₹20,00,000 |
| 2008435/20.07.2016 | ₹1,24,00,000 |
| ബിൽ നം. 40/24.03.2017 | ₹30,00,000 |
| 02014062/24.06.2017 | ₹27,73,812 |
| ആകെ | ₹2,11,73,812 |

കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് വായ്പ തുകയായി ₹2,40,00,000/-യാണ് ഗ്രാമപഞ്ചാത്ത് എടുത്തിട്ടുള്ളത്. വായ്പ തുകയുടെ പലിശയിനത്തിൽ പ്രതിവർഷം ₹16,64,839/- വീതം ഗ്രാമപഞ്ചായത്ത് ഒടുക്കുവരുത്തുകയും ചെയ്യുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്തമായി നീളുന്നതുമൂലം ഗ്രാമപഞ്ചായത്തിന് വൻസാമ്പത്തിക ബാധ്യതയാണുണ്ടാകുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 <u>വാത്തിക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല</u>

<table>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">അസി. എഞ്ചിനിയർ</td></tr>
<tr><td>പദ്ധതി നം.</td><td colspan="2">188/18</td></tr>
<tr><td>പദ്ധതി അടങ്കൽ</td><td colspan="2">₹11,50,000/-</td></tr>
<tr><td>അളവു ബുക്ക്</td><td colspan="2">46/16-17</td></tr>
<tr><td rowspan="2">പദ്ധതി ചെലവ്</td><td>ബിൽ നം. 30/26.07.2018</td><td>₹6,42,600/-</td></tr>
<tr><td>ചെക്ക് നം.360572/26.07.2017</td><td>₹3,86,765/-</td></tr>
</table>

വാത്തിക്കുടി ട്രൈബൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിക്കുവേണ്ടി 09.11.2016ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത് ശ്രീ. എബ്രാഹം എ. എ. എന്ന കരാറുകാരനാണ് (26.34% കുറവ്). കരാർ രജിസ്ട്രേഷൻ കാലാവധി പുതുക്കിയിട്ടില്ല, ടെണ്ടർ ഫോറം അവസാന പേജിൽ ഒപ്പിട്ടിട്ടില്ല എന്ന കാരണങ്ങളാൽ പ്രസ്തുത ടെണ്ടർ നിരസിക്കുകയും അടുത്ത കുറഞ്ഞ നിരക്കായ (-)25.3 ക്വോട്ട് ചെയ്ത ശ്രീ. അനീഷ് സെബാസ്റ്റ്യന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഫയൽ പരിശോധിച്ചതിൽ ശ്രീ. എ. എ. എബ്രാഹാമിന് 31.03.2017 വരെ കരാർ പ്രവൃത്തികൾ ചെയ്യുന്നതിന് അംഗീകാരമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് 09.11.2016ൽ ആണ്. നിസ്സാര കാരണങ്ങളുടെ പേരിൽ ടെണ്ടർ നിരസിക്കരുതെന്ന് കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-2ൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റ ടെണ്ടർ അംഗീകരിക്കാത്തതുമൂലം ആകെ പ്രവൃത്തിമൂല്യമായ ₹13,77,999/-യുടെ 1.04% ആയ ₹14,331/- ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ടി നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ഹാളിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ മാത്രമാണ് 2017-18 വർഷം പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ തുടർ പ്രോജക്ട് 2018-19 വർഷം ആവിഷ്കരിച്ച് അംഗീകാരം നേടുകയും ചെയ്തിട്ടില്ല. ട്രൈബൽ കമ്മ്യൂണിറ്റി ഹാളിന്റെ പൂർത്തീകരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 650000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 650000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 920000 | ലൈഫ് മിഷൻ ഭവനിർമ്മാണം | 920000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1500000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

– ഇല്ല –

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

– ഇല്ല –

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹36,14,900/- വരവുണ്ട്. മുൻബാക്കി 0രൂപയടക്കം ₹36,14,900/- പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം എടുത്ത ലോൺ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15/ തസ്വഭവ. തീ. 27.07.15 | 19500000 | 17782000 | 500000 | 2200000 | 867000 | 16082000 |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ) നം.2150/10/ തസ്വഭവ. തീ. 30.06.10 | 16750000 | 3161120 | 0 | 1500000 | 0 | 1661120 |
| കെ.യു.ആർ. ഡി.എഫ്.സി. | സ.ഉ.(സാധാ) നം.1284/04/ തസ്വഭവ. തീ. 29.04.15 | 124157000 | 124157000 | 3114900 | 1663995 | 1664839 | 13866605 |

## 4-5 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹5,229/-യുടെ ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2007-08 | 2-8 | 5040 | എം. കെ. ശോഭന അസി. സെക്രട്ടറി(റിട്ട.) | 11708100459 തീ.27.04.17 |
| 2011-12 | 2-1 | 7 | ഷാജിമോൻ വി. എൻ. യു.ഡി.സി. | 11708104149/09.02.18 |
| 2011-12 | 2-1 | 101 | ഷാജിമോൻ വി. എൻ. യു.ഡി.സി. | 11708104150/09.02.18 |
| 2011-12 | 2-1 | 81 | ഷാജിമോൻ വി. എൻ. യു.ഡി.സി. | 11708104151/09.02.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്- സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ. | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6, 3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീതിയും | തുക | | | ഉൾപ്പെട്ട തുത | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്.23456/ സ്പെ.സെൽ/ സി.എസ്.സി./സി1/ 12/26.05.2015 | 117500 | | ഇല്ല | | | | 117500 | |

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. 13409/spl/ cell/(SC)02 12.09.2009 | 2981 | | | | | | 2981 | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1998-99 | 27, 29 | സെക്രട്ടറി ശ്രീമതി. ടി. എൻ. സുബൈദ | എൽ.എഫ്. 13409/spl/ cell/(SC)02 12.09.2009 | 7595 | | | | | | 7595 | |
| 1 | 2000-01 | 29(3) | സെക്രട്ടറി ശെൽവരാജ് | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | 9552 | |
| | 2000-01 | 27 | സെക്രട്ടറി ശെൽവരാജ് | എൽ.എഫ്. 17465/ സ്പെ. സെൽ എസ്.സി.2/2008 തീ.09.06.2009 | 8680 | | | | | | 8680 | |
| 3 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ dt.23.08.2012 | 4800 | | | | | | 4800 | |
| 4 | 2007-08 | 2.7 | ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012 /dt.23.08.2012 | 3500 | | | | | | 3500 | |
| 5 | 1997-98 | 21 | കെ. എൻ അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ / എസ്.സി.1/2001 dt.13.12.2001 | 2000 | | | | | | 2000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,52,19,604 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,94,56,287 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,35,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹20,331 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,95,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-2(എ) | 135000 | - | ശ്രീ എ. ഒ. അജു, സെക്രട്ടറി |
| 3-1 | - | 6000 | ഡോ. റോമിയോ സണ്ണി. വെറ്ററിനറിസർജൻ |
| 3-9 | - | 14331 | ശ്രീ. സുദീപ് എ. എസ്., അസി. എഞ്ചിനീയർ |
| ആകെ | 135000 | 20331 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,00,000 | ശ്രീമതി. കെ. പി. ജോളി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-3 | 13,95,000 | ശ്രീ. കെ. രാജു. സെക്രട്ടറി |
| ആകെ | 15,95,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എ. ഒ. അജു സെക്രട്ടറി | സെക്രട്ടറി ചിറക്കടവ് ഗ്രാമപഞ്ചായത്ത് | അലീന ഇല്ലം, വടക്കേപേഴോട്ട്കുഴി, നെയ്യാറ്റിൻകര പി. ഒ., തിരുവനന്തപുരം-695121 |
| ഡോ. റോമിയോ സണ്ണി വെറ്ററിനറിസർജൻ | വെറ്ററിനറി സർജൻ വാത്തിക്കുടി | പഞ്ചാരപുത്തൻപുരയ്ക്കൽ വെളിയനാട് പി.ഒ. ആലപ്പുഴ ജില്ല |

(എഫ്) ~~റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽവിലാസവും~~

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ. പി. ജോളി ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മരിയാപുരം | കരോട്ടുനാലുന്നേൽ പാറത്തോട് ഇടുക്കി പി.ഒ കമ്പിളികണ്ടം ഇടുക്കി ജില്ല |
| ശ്രീ. കെ. രാജു സെക്രട്ടറി | മരണപ്പെട്ടു | ലാലിസദനം നെടുമൺകടവ് പി.ഒ. നെടുമൺകാവ് കൊല്ലം ജില്ല |

| | | |
|---|---|---|
| ശ്രീ. സുദീപ് എ. എസ്<br>അസി. എഞ്ചിനീയർ | - | അറപ്പനാൽ വീട്<br>കൊന്നത്തടി പി. ഒ.<br>മരക്കാനം – 685563 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ | |
|---|---|---|---|
| | | എണ്ണം | നം. |
| 1997-98 | LFI-13/745/18തീ.26.06.18 | 2 | 21, 35 |
| 1998-99 | LFI-13/745/18തീ.26.06.18 | 3 | 24, 27, 29 |
| 1999-00 | LFI-13/745/18തീ.26.06.18 | 1 | 27 |
| 2000-01 | LFI-13/745/18തീ.26.06.18 | 3 | 27, 28, 29(b) |
| 2001-02 | LFI-13/745/18തീ.26.06.18 | 1 | 2-5(b) |
| 2002-03 | LFI-13/745/18തീ.26.06.18 | 1 | 3 – 5 |
| 2003-04 | LFI-13/745/18 തീ.26.06.18 | 2 | 2-5, 2-7 |
| 2005-06 | LFI-13/745/18 തീ.26.06.18 | 2 | 3-6, 3-7 |
| 2006-07 | LFI-10/1027/09<br>തീ.03.11.09 | 11 | 2-1, 2-2, 2-3, 2-4, 3-1,<br>3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | LFI-13/389/11<br>തീ. 11.10.11 | 26 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 2-8, 3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10,<br>3-11, 3-12, 3-13, 3-14, 3-15,<br>3-16, 3-17, 3-18 |
| 2008-09 | LFI-13/437/12<br>തീ.25.09.12 | 29 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 2-8, 2-9, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-13, 3-14,<br>3-15, 3-16, 3-17, 3-18, 3-19, 3-20 |
| 2009-10 | LFI-13/566/11<br>തീ.13.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8, 3-9, 3-10, 3-11,<br>3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2010-11 | LFI-13/1446/ 15 തീ.13.05.16 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 2-8, 3-3, 3-4, 3-5, 3-6,<br>3-7, 3-8, 3-9, 3-10, 3-11, 3-12,<br>3-13, 3-14, 3-15, 3-16, 3-17 |
| 2011-12 | LFI-13/1158/ 14 തീ.31.12.14 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>3-1, 3-2, 3-3, 3-4, 3-5, 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2012-13 | KSA-IDK-13/801/15 തീ.04.04.16 | 24 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2013-14 | KSA-IDK-13/187/15 തീ.09.05.16 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2014-15 | KSA-IDK-13/ 1141/16 തീ.04.02.17 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2015-16 | KSA-IDK-13/ 440/17 തീ.18.04.17 | 9 | 1-12, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK-13/1269/17 തീ.20.02.18 | 23 | 1-12, 2-1, 2-2, 2-3, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17 |
| 2017-18 | | | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.-13/1224/18.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 12.11.2018

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാത്തിക്കുടി പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി